# ACADEMIC MASTER PLAN

## 2025-26

## GLP SCHOOL , KIZHUPARAMBA

Scanned with CamScanner

# ആമുഖം

വിദ്യാഭ്യാസം അജ്ഞാനിയായ ഒരു വ്യക്തിയെ ജ്ഞാനിയാക്കി മാറ്റുന്ന ഒരു മഹായജ്ഞമാണ്. ഒരു വ്യക്തിയുടെ ഉള്ളിലെ അന്ധകാരത്തെ മാറ്റി പ്രകാശപൂർണമാക്കി മാറ്റുന്ന ഒരു മഹത്പ്രക്രിയ. ജാതി മത ഭേദം മറന്നും സാമ്പത്തിക വേർതിരിവ് ഇല്ലാതായും എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലപ്രാപ്തിയാണ് നാം ഇന്നു കാണുന്ന കേരളത്തിന്റെ സമ്പൂർണ വികസനവും വിജയവും. സമ്പൂർണ സാക്ഷരതയജ്ഞവും.ജനകീയാസൂത്രണവും നമ്മുടെ അനുഭവപാഠങ്ങളാണ്.

പൊതുവിദ്യാലയത്തിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അവരുടെ ഭാവി സുന്ദരമാക്കുന്ന തരത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം പകർന്നു നൽകുക എന്നത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. നമ്മുടെ കുട്ടികൾ അറിവിന്റെയും, സർഗ്ഗാത്മക ശേഷികളുടെയും ജീവിത മൂല്യങ്ങളുടെയും നിറകുടങ്ങളായി മാറണം. അതിലൂടെ ഉയർന്ന പദവികൾ വരെ അവർക്കെത്തിച്ചേരാൻ കഴിയണം. കേരളത്തിലെ മുഴുവൻ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുക, ഇതിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നമ്മുടെ മുഴുവൻ കുട്ടികൾക്കും നൽകുക ജീവിത വികസനവും മൂല്യബോധവുമുള്ള നല്ലൊരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ആത്യന്തികമായ ലക്ഷ്യം.

Scanned with CamScanner

# ജി.എൽ.പി. സ്കൂൾ കീഴുപറമ്പ്

ജി.എൽ പി സ്കൂൾ കീഴുപറമ്പ് ഈ പ്രദേശത്ത് ഇദംപ്രഥമായി ആരംഭിച്ച ഒരു സ്ഥാപനമാണ്. തുടക്കത്തിൽ ഒരു ഓത്തുപള്ളിയായിരുന്നു. 1913-ലാണ് ഒരു സ്കൂളായതെന്നാണ് ലഭ്യമായ തെളിവുകളിൽ നിന്നുള്ള വിവരം. 1925-ൽ സ്കൂളിൽ 2 അധ്യാപകരും 29 വിദ്യാർത്ഥികളുമുണ്ടായിരുന്നുവെന്ന് സ്കൂൾ സന്ദർശിച്ച ഏറനാട് താലൂക്ക് ബോർഡ് മെമ്പർ ചേക്കാമു ഹാജിയുടെ റിപ്പോർട്ടിൽ കാണാം. താലൂക്ക് ബോർഡ് ഇല്ലാതായതോടെ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുത്ത സ്കൂളിൽ 1941 ലാണ് അഞ്ചാം തരം ആരംഭിച്ചത്. 1958-ൽ ഗവൺമെന്റ് ഏറ്റെടുത്ത സ്കൂൾ 1976-ൽ ഹൈസ്കൂളായി ഉയർത്തി. 1980-ൽ ഹൈസ്കൂളിൽ നിന്നും വേർപ്പെടുത്തി സ്വതന്ത്ര എൽ.പി. സ്കൂളായി.

2002 വരെ സ്കൂളിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഉണ്ടായിരുന്നില്ല. പി.ടി.എയുടെ നിരന്തര ശ്രമഫലമായി സ്വന്തമായി സ്ഥലമെടുക്കുകയും അന്നത്തെ എം.പി.ഇ അഹമ്മദ് സാഹിബിന്റെ ഫണ്ട് ഉപയോഗിച്ച് 3 ക്ലാസ് മുറികൾ നിർമ്മിക്കുകയും എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് ഈ കെട്ടിടത്തിന് മുകളിലായി 2 ക്ലാസ് മുറികൾ നിർമ്മിക്കുകയും ചെയ്തു. 2008-ൽ കിഴുപ്പറമ്പ് ഗ്രാമപഞ്ചായത്ത് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ഒരു റൂം കൂടി നിർമ്മിച്ചു. 2007-08 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കളിക്കുന്നതിനായി 10 സെന്റ് സ്ഥലവും കിഴുപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വാങ്ങി നൽകി. കുട്ടികൾക്ക് വെയിലേൽക്കാതെ അസംബ്ലി ചേരുന്നതിന് ബഹു. ഏറനാട് നിയോജകമണ്ഡലം എം.എൽ.എ പി.കെ. ബഷീർ സാഹിബിന്റെ 2013-14 ഫണ്ടിൽ ഉൾപ്പെടുത്തി

Scanned with CamScanner

മുറ്റം ഷീറ്റ് ഇട്ട് പകുതി ഭാഗം കട്ട വിരിച്ചു. പിന്നീട് കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത് ബാക്കി ഭാഗം പൂർത്തിയാക്കി.അദ്ദേഹം തന്നെ നൽകിയ പ്രൊജക്ടറും കമ്പ്യൂട്ടറും പ്രയോജനപ്പെടുത്തി ഇന്റർനെറ്റിന്റെ സഹായത്തോടെ ആധുനിക രീതിയിൽ പഠനം കുട്ടികൾക്ക് നൽകാൻ കഴിയുന്നുണ്ട്.

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 2022 - 23 ൽ പെൺകുട്ടികൾക്കായി 3 യൂണിറ്റ് ടോയ്ലറ്റ് നിർമ്മിച്ചു നൽകി.കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത് പാചകപ്പുരയും സ്റ്റോർ റൂമും നിർമ്മിക്കുകയും വൈദ്യുതീകരിക്കുകയും ചെയ്തു. 2024 ൽ പാചകപ്പുരയോട് ചേർന്ന് കുട്ടികൾക്ക് കൈ കഴുകുന്നതിനുള്ള വാഷ് ബേസിൻ നിർമ്മിച്ച് നൽകുകയും ചെയ്തു. സ്കൂൾപി.ടി.എ കമ്മറ്റിയുടെ വകയായി വ്യത്യസ്ത വർഷങ്ങളിൽ മൈക്ക് സെറ്റ് പ്രിന്റർ എന്നിവയും ലഭ്യമായിട്ടുണ്ട്.

2025-26 അധ്യായന വർഷത്തിൽ നാല് ക്ലാസുകളിലായി 58 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്.

Scanned with CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഭാഷ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധന പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നു | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാൻ ആവശ്യമായ പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കുന്നു. അക്ഷരകാർഡ് ,വാക്യ കാർഡ് , അടിക്കുറിപ്പ് ,ചിത്രം നോക്കി കഥ പറയൽ, എഴുതൽ , ചിത്രം കാണിച് എഴുതൽ വായന. |
| കുട്ടിയ മികച്ച വായനക്കാരനാക്കുന്നു ( എല്ലാ കുട്ടികൾക്കും വായന ഉറപ്പാക്കുന്നു) | വായനോത്സവം പിറന്നാൾ ചാർട് സമ്മാന പുസ്തകം ഇന്നത്തെ പുസ്തകം ഡിസ്പ്ലേ ബോർഡിൽ ഒരു പുസ്തകത്തെ പരിചയപ്പെടുത്തുന്ന കുറിപ്പ്. വായനാ ചാർട് ഞാൻ വായിച്ച പുസ്തകം , അസ്സംബ്ലി പത്ര വായന. എല്ലാ ക്ലാസ്സിനും അവസരം. ദിനാചരണ കുറിപ്പ് വായന , നോട്ടീസ് പോസ്റ്റർ ശേഖരണം വായന .ശ്രാവ്യ വായനാ മത്സരം റീഡിങ് കാർഡ് ഒരുക്കൽ വായന. കവിത കഥ വായനാ മത്സരം. പത്ര ക്വിസ്സ് ആസ്വാദനക്കുറിപ്പു വായന അസ്സംബ്ലിയിൽ, വായനാ മൂല സജ്ജമാക്കുന്നു |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കി മാറ്റുന്നു. എല്ലാ കുട്ടികൾക്കും ലേഖനം ഉറപ്പു വരുത്തുന്നു | അക്ഷര കാർഡുകളിലൂടെ വാക്കുകൾ വാക്യങ്ങൾ ഇവ നിർമ്മിക്കുന്നു, എഴുതുന്നു.വായനാ കുറിപ്പ് തയ്യാറാക്കൽ മത്സരം, ക്ലാസ് തല പത്രം തയ്യാറാക്കൽ, പോസ്റ്റർ നോട്ടീസ്, അറിയിപ്പ്, ദിനാചരണക്കുറിപ്പ്, ഇവ തയ്യാറാക്കൽ അടിക്കുറിപ്പ് മത്സരം കഥ കവിത പൂർത്തിയാക്കൽ |
| ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി നവീകരണം , ശാക്തീകരണം | CPTA യിൽ എൻറെ ഒരു പുസ്തകം, സ്കൂളിന് പരിപാടി.ബെർത്ഡേയ്ക്കു ഒരു പുസ്തകം, ഓരോ ക്ലാസ്സിനും ആവശ്യമായ പുസ്തക ലിസ്റ്റ് തയ്യാറാക്കുന്നു പുസ്തക പ്രദർശനം , ബാല മാസികകൾ, കഥാ പുസ്തകം ഇവ ശേഖരിച്ചു ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തുന്നു. |

Scanned with CamScanner

| | |
|---|---|
| ഭാഷാ വികസനത്തിൽ ICT ഉപയോഗം<br>. | പഠനാനുബന്ധ വിഭവങ്ങൾ, ക്ലിപ്പുകൾ ശേഖരണം, അവയുടെ ക്ലാസ് മുറികളിൽ തയ്യാറാക്കുന്നു. ദൃശ്യശ്രാവ്യാനുസരണം ഉപയോഗിക്കുന്നു, ഡിജിറ്റൽ ബോർഡ് |
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരം | ഓരോ കുട്ടിക്കും ഓരോ കവികളുടെ പേര് നൽകുന്നു. തങ്ങൾക്ക് കിട്ടിയ കവികളുടെ ഒരു കവിതയും ലഘു കുറിപ്പും തയ്യാറാക്കി അവതരിപ്പിക്കുന്നു. (ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ) |
| സർഗാത്മക രചനകൾക്കുള്ള അവസരം | ക്യാമ്പുകൾ, മത്സരങ്ങൾ (കഥ, കവിത. അടിക്കുറിപ്പ്, ക്വിസ്സ് , യാത്രാ വിവരണം. ചിത്രരചന, മാഗസിൻ ) |
| ടാലന്റ് ലാബ് | ഭാഷ, ഗണിതം സർഗാത്മക രചനകൾ, തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനായി ജൂൺ ജൂലൈ മാസങ്ങളിൽ അഭിരുചി നിർണ്ണയം. തുടർന്ന് കുട്ടികളെ ഗ്രൂപ്പാക്കി ഓരോ മാസവും അവരുടെ അഭിരുചി പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തും. പാട്ടരങ്ങ്, കഥയരങ്ങ്, വരയുത്സവം, റീഡേഴ്സ് തിയേറ്റർ, എന്നിവ നടത്തുന്നു. |

Scanned with CamScanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഭാഷ - ഇംഗ്ലീഷ്

| | |
|---|---|
| ✣ ഒന്നാം ക്ളാസ് മുതൽ ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ജനിപ്പിക്കുക<br><br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് അനായാസം വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക<br><br>ICT സാദ്ധ്യതകൾ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രയോജനപ്പെടുത്തുക ഇംഗ്ലീഷിൽ ഉള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക<br><br>ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കുക | **ഇംഗ്ലീഷ്** ക്ലബ്ബ് രൂപീകരണം ,ഇംഗ്ലീഷ് അസംബ്ലി (**ആഴ്ചയി**ൽ ഒരു ദിവസം ) മുഴുവൻ **പരിപാടി**കളും ഇംഗ്ലീഷിൽ<br><br>**ഇംഗ്ലീഷ്** ഡേ ആഴ്ചയിൽ ഒരു ദിവസം<br><br>**ഇംഗ്ലീഷ്** ഫെസ്റ്റ്<br><br>**ഇംഗ്ലീഷ്** പത്രം ,ഇംഗ്ലീഷ് സ്പീച് , റേസിറ്റേഷൻ ,**സ്കിറ്റ്**<br><br>**ഇംഗ്ലീഷ്** ലൈബ്രറി രൂപീകരണം ഇംഗ്ലീഷ് **റീഡിങ്** കാർഡ് നിർമ്മാണം , ഇംഗ്ലീഷ് **ഡിസ്ക്രിപ്**ഷൻ ,ചിത്ര വിവരണം വർക്ക് ഷീറ്റ് , **റിഡ്ഡിൽസ്**, മാഗസിൻ നിർമാണം.<br><br>**വേർഡ്** കാർഡ് ഇവ ഉപയോഗിച്ചു പരമാവധി **പ്രവർത്തന**ങ്ങൾ .<br><br>**ഇംഗ്ലീഷ്** വാർത്ത ബോർഡ് ,<br><br>**തോട്ട്ഫോർ** ദി ഡേ<br>**മലയാളം** പദങ്ങളുടെ ഇംഗ്ലീഷ് വേർഡ് **കണ്ടെത്തൽ** മത്സരം എന്നിവ.<br>**ഇംഗ്ലീഷ്** വീഡിയോ ക്ലിപ്പ് ശേഖരണം അവയുടെ **കളക്ഷൻ** തയ്യാറാക്കുന്നു , അവവശ്യാനുസരണം **ഉപയോഗി**ക്കുന്നു |

Scanned with CamScanner

# പരിസര പഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാന്റിഡേറ്റ്, തെരഞ്ഞെടുപ്പ്, സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, മോക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിലൊരിക്കൽ | എസ് ആർ ജി | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്ര തത്വങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുവാൻ രസകരമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തന ക്രമം ചിത്രം സഹിതം ബുക്കിൽ വരച്ച് രേഖപ്പെടുത്തുന്നു. | മാസത്തിൽ ഒന്ന് വീതം | എസ് ആർ ജി | |
| ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസ വസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ, | വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ് | 10000 |

Scanned with CamScanner

## പരിസര പഠനം

| | | | | |
|---|---|---|---|---|
| | ചാർട്ട് പ്രദർശിപ്പിക്കൽ, കാറ്റ് ലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ<br><br>വിവിധ പഠന പ്രവർത്തനങ്ങൾക്കാവശ്യ മായ സാമഗ്രികൾ ശേഖരി ക്കൽ (വാർത്തകൾ, ചിത്രങ്ങൾ, പരീക്ഷണ സാധനങ്ങൾ, ഉവല്യകൾ, വിത്തികൾ, പൂച്ചെടികൾ, ശാസ്ത്ര പുസ്തകങ്ങൾ ) | | | |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിലൊരിക്കൽ | S S G | 5000 |
| പൊതു സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ പൊതു സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം കട്ടികൾ ശേഖരിച്ച് അവ | | SRG | |

Scanned with CamScanner

## പരിസര പഠനം

| | | | | |
|---|---|---|---|---|
| | ഓരോന്നും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം\ പദ്ധതി അവയുടെ പ്രവർത്തനം എന്നിവ എംബ്ലത്തിന് താഴെയായി എഴുതി തയ്യാറാക്കണം, പൊതു സ്ഥാപനങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് | | | |
| ഫാസ്റ്റ് ഫുഡിന്റെ ദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | കടകളിൽ നിന്ന് വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ തയ്യാറാക്കൽ | | SRG | |
| ജല സംരക്ഷണ പ്രവർത്തനങ്ങൾ | നിലവിലുള്ള വെള്ളത്തിന്റെ ഉറവിടങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | | PTA | 5000 |

Scanned with CamScanner

പരിസര പഠനം

| | | | | |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | | SSG | |
| ഗ്രാമ വീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽ മരങ്ങൾ വച്ചു പിടിപ്പിക്കൽ, അവയുടെ പരിപാലനം ഗ്രൂപ്പിന് നൽകൽ | | സയൻസ് ക്ലബ് | |
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ് | 10000 |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു വർഷം | PTA | 25000 |

Scanned with CamScanner

# MATHS

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സംഖ്യാബോധം ഉറപ്പിക്കൽ | വിവിധ തരം ചിത്രങ്ങൾ നിശ്ചിത എണ്ണം വീതം വരച്ച് ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ എണ്ണി നോക്കി കൃത്യമായ എണ്ണം നേരെ എഴുതുന്നു. സംഖ്യാകാർഡുകൾ, സംഖ്യാചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. സംഖ്യാപാറ്റേൺ പൂരിപ്പിക്കുന്നു. പുതിയ പാറ്റേണുകൾ കണ്ടെത്തുന്നു. രണ്ട് സംഖ്യകളുടെ ഇടയിലെ സംഖ്യകൾ ഊഹിച്ച് പറയുന്നു. സംഖ്യയുടെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുന്നു. | Monthly | PTA | |
| 2 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു. ഓരോ പ്രായഘട്ടത്തി | സങ്കലനം, വ്യവകലനം എന്നിവയടങ്ങിയ സംഖ്യാചക്രം കുട്ടികൾ പൂർത്തിയാക്കുന്നു. നിത്യജീവിതവുമായി ബന്ധപ്പെട്ട ക്രിയകൾ | 6 month | SRG | |

Scanned with CamScanner

| | | | | | |
|---|---|---|---|---|---|
| | ല്യം നേടേണ്ടശേഷി കൾനേടിയെന്ന് ഉറപ്പാക്കുന്നു. | മൂർത്തവസ്തുക്കൾ ഉപയോഗിച്ച് ചെയ്യുന്നു. മാന്ത്രികക്കളത്തിലെ വിട്ടുപോയ സംഖ്യകൾപൂർത്തിയാക്കു ന്നു | | | |
| 3 | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ | നിത്യോപയോഗ സാധനങ്ങളിൽ നിന്ന് ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു. (വൃത്തം, ചതുരം, ത്രികോണം, സമചതുരം) കാർഡ്ബോർഡ്, ഈർക്കിൽ, തീപ്പെട്ടിക്കൊള്ളി തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. | Yearly | SRG | |
| 4 | ഗണിത മാഗസിൻ, ചുമർമാഗസിൻ | ഗണിതമാഗസിനിലേ ക്കുള്ള വ്യത്യസ്ഥ | | | |

| | | | | | |
|---|---|---|---|---|---|
| | എന്നിവ തയ്യാറാക്കുന്നു. | പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യുന്നു. ഗണിത സംബന്ധമായി കുട്ടികൾ തയ്യാറാക്കിയ ഉൽപന്നങ്ങൾ ക്രോഡീകരിച്ച് മാഗസിൻ തയ്യാറാക്കുന്നു. | 6 month | Maths club | |
| 5 | ഗണിത ലാബ് ശാക്തീകരണം | ഗണിതലാബിലേക്ക് ആവശ്യമായ സാധനങ്ങളുടെ നിർമാണം ക്ലാസിൽ നടത്തുന്നു. സ്കൂളിൽ ഗണിത വർക്ക്ഷോപ്പ് നടത്തുന്നു. | Yearly | PTA | 5000 |
| 6 | ഗണിത പ്രതിഭകളെ വാർത്തെടുക്കുന്നു | ഓരോ ആഴ്ചയിലും ഗണിത ക്വിസ് നടത്തി വിജയികളെ അനുമോദിക്കുന്നു. ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തുന്നു. ഗണിതപഠനം രസകരമാക്കാൻ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | weekly | SRG | |

Scanned with CamScanner

## ഭാഷ - അറബിക്

- ❖ എല്ലാ കുട്ടികൾക്കും അറബിക് അനായാസം വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- ❖ അറബിക് പഠനാന്തരീക്ഷം സൃഷ്ടിക്കുക.
- ❖ ICT സാധ്യതകൾ അറബി ഭാഷ പഠനത്തിന് പ്രയോജനപ്പെടുത്തുക
- ❖ അറബിക് ക്ലബ് രൂപീകരണം, അറബിക് അസംബ്ലി
- ❖ അറബിക് ഡേ, ക്വിസ്
- ❖ അറബിക് സംഭാഷണം, അറബിക് കഥാ രചന, ചിത്ര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ ഉണ്ടാക്കുക
- ❖ അറബിക് റീഡിങ് കാർഡ് നിർമ്മാണം, മലയാളം പദങ്ങളുടെ അറബിക് വേർഡ് കണ്ടെത്തൽ മത്സരം
- ❖ അറബിക് വീഡിയോ ക്ലിപ്പ് ശേഖരണം, അവയുടെ കളക്ഷൻ തയ്യാറാക്കുന്നു, അവശ്യാനുസരണം ഉപയോഗിക്കുന്നു

Scanned with CamScanner